# പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XIII
# (സാമൂഹ്യസേവനം)

## സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2017 മേയ് 25-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XIII
# (സാമൂഹ്യസേവനം)

## സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

776/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII
## (സാമൂഹ്യസേവനം)
## (2016 -2018)

**ഘടന**

ചെയർമാൻ :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,
ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

അംഗങ്ങൾ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീമതി സി. കെ. ആശ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. എം. മുകേഷ്

ഡോ. എം. കെ. മുനീർ

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. സി. കെ ശശീന്ദ്രൻ .

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതിയുടെ പരിഗണനയ്ക്ക് വിധേയമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2017 മേയ് 22-ാം തീയതി ചേർന്ന യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

എ. കെ. ബാലൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2017 മേയ് 22.

# റിപ്പോർട്ട്

## ഭാഗം I

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങൾ ഉൾപ്പെടുത്തി സമർപ്പിച്ച മറുപടിയിന്മേൽ സമിതിയുടെ അംഗീകാരം ലഭിച്ചവ താഴെ ചേർക്കുന്നു :

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

## പട്ടികവർഗ്ഗ വികസന വകുപ്പ്

### ഖണ്ഡിക നമ്പർ 9

2225-02-102-92—ഭക്ഷണ സഹായ പരിപാടി

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പട്ടികവർഗ്ഗ മേഖലയിൽ തൊഴിൽ ലഭ്യമാക്കുകയും അതുവഴി അവർക്ക് വേതനം പണമായും ഭക്ഷ്യധാന്യങ്ങളായും ഈ പദ്ധതി പ്രകാരം നൽകുന്നു. വനത്തിൽ ജീവിക്കുന്ന പ്രാക്തന ഗോത്ര വിഭാഗങ്ങളിൽ പോഷകാഹാരക്കുറവ് അനുഭവിക്കുന്ന കുട്ടികൾ, അമ്മമാർ, രോഗികൾ, വൃദ്ധ ജനങ്ങൾ എന്നിവർക്ക് വേണ്ടത്ര പോഷകാഹാരം ഉറപ്പുവരുത്തുന്നതിനും എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും ഭക്ഷ്യസഹായ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 5 കോടി രൂപ അധികമായി ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കുന്നതിന് നടപ്പുവർഷം 25 കോടി രൂപ അനുവദിച്ചിരുന്നു. ടി തുക ഉപയോഗിച്ച് നടപ്പുവർഷം ടി പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമെന്നതിനാൽ അധികഫണ്ട് ആവശ്യമായി വന്നിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 917963/ഡി.3/16/പജപവവിവ., തീയതി 24-1-2017)

ഖണ്ഡിക നമ്പർ 14

2225-02-277-89—നഴ്സറി സ്കൂൾ

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന നഴ്സറിസ്കൂളുകളിലെ കുട്ടികളുടെ പ്രതിദിന ആഹാരച്ചെലവ് 2014-15 സാമ്പത്തികവർഷം മുതൽ 10 രൂപയിൽ നിന്നും 30 രൂപയായി ഉയർത്തിയിട്ടുണ്ട്. ഈ നിരക്കിൽ നിലവിലുള്ള കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 10 ലക്ഷം രൂപ കൂടി അധികമായി വേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആദ്യ ബാച്ച് എസ്.ഡി.ജി.യിൽ 10 ലക്ഷം രൂപ കണ്ടെത്തുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ചിരുന്നില്ല

(സർക്കാർ കത്ത് നമ്പർ 917963/ഡി.3/16/പജപവവിവ., തീയതി 24-1-2017)

ഖണ്ഡിക നമ്പർ 17

2225-02-277-39—ഐ.ഇ.സി. പ്രോജക്ട് (ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ)

വയനാട് ജില്ലയിലെ സുഗന്ധഗിരിയിൽ വായനശാല സ്ഥാപിക്കുന്നതിന് 2015-16-ൽ ഭരണാനുമതി ലഭിച്ച 8 ലക്ഷം രൂപ ഇ.എൽ.ഐ.യിൽ പോസ്റ്റ് ചെയ്തിരുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 8 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആദ്യ ബാച്ച് എസ്.ഡി.ജി.യിൽ 8 ലക്ഷം രൂപ കണ്ടെത്തുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ചിരുന്നില്ല

(സർക്കാർ കത്ത് നമ്പർ 917963/ഡി.3/16/പജപവവിവ., തീയതി 24-1-2017)

ഖണ്ഡിക നമ്പർ 18

2225-02-283-90—ഭൂരഹിത ഗിരിവർഗ്ഗക്കാരുടെ പുനരധിവാസം

സംസ്ഥാനത്തെ ഭൂരഹിതരായ 12435 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 42 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ടി തുക ഉപയോഗിച്ച് വളരെ കുറച്ച് കുടുംബങ്ങളെ മാത്രമേ പുനരധിവസിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളിൽ 3000 കുടുംബങ്ങളെ നടപ്പ് സാമ്പത്തിക വർഷം പുനരധിവസിപ്പിക്കാൻ ലക്ഷ്യമിടുന്നു. വാസയോഗ്യവും കൃഷിയോഗ്യവുമായ 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി 10 ലക്ഷം രൂപയിൽ അധികരിക്കാതെ "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" എന്ന പദ്ധതി പ്രകാരം വാങ്ങി നൽകുന്നതിനായി 300 കോടി രൂപയോളം ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക കൂടാതെ 258 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആദ്യ ബാച്ച് എസ്.ഡി.ജി.യിൽ 258 കോടി രൂപ കണ്ടെത്തുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ചിരുന്നില്ല

(സർക്കാർ കത്ത് നമ്പർ 917963/ഡി.3/16/പജപവവിവ., തീയതി 24-1-2017)

ഖണ്ഡിക നമ്പർ 20

2225-02-300-68—അതിക്രമം തടയുന്നതിനു വേണ്ടിയുള്ള സ്കീം നടപ്പാക്കൽ (50% കേന്ദ്ര സഹായം)

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കുവേണ്ടി നിലവിലെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആദ്യ ബാച്ച് എസ്.ഡി.ജി.യിൽ 55 ലക്ഷം രൂപ കണ്ടെത്തുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ചിരുന്നില്ല

(സർക്കാർ കത്ത് നമ്പർ 917963/ഡി.3/16/പജപവവിവ, തീയതി 24-1-2017)

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

### ഖണ്ഡിക നമ്പർ 30

### 2235-02-101-89—വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഗ്രാന്റ്

വികലാംഗരായ അന്തേവാസികൾക്കുള്ള ധനസഹായം 1-1-2015 മുതൽ 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ അന്തേവാസികൾക്ക് 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിലെ കുടിശ്ശികയായ 1.03 കോടി രൂപയും പി.എച്ച്. ഹോമുകൾക്ക് കുടിശ്ശിക തുകയായ 39.36 ലക്ഷം രൂപയും നൽകുന്നതിന് അധികം തുക ആവശ്യമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 1.0993 കോടി രൂപ കൂടി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

വികലാംഗരായ അന്തേവാസികൾക്കുള്ള ഗ്രാന്റിനായി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 35,47,000 രൂപയ്ക്ക് പുറമെ 1,23,25,000 രൂപ ഉപ ധനാഭ്യർത്ഥന വഴി ലഭിക്കുകയും തുക പൂർണ്ണമായും ഇക്കാര്യത്തിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 1495925/ഡി.3/2017/സാ.നീ.വ., തീയതി 20-5-2017)

### ഖണ്ഡിക നമ്പർ 31

### 2235-02-101-66—ഓട്ടിസം, സെറിബ്രൽ പൾസി, ബുദ്ധിമാന്ദ്യം, ഭിന്നവൈകല്യങ്ങൾ എന്നിവ ബാധിച്ചവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി-നിരാമയ

ഓട്ടിസം, സെറിബ്രൽ പൾസി, ബുദ്ധിമാന്ദ്യം, ഭിന്നവൈകല്യങ്ങൾ എന്നിവ ബാധിച്ചവർക്കുള്ള നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 500 രൂപ ക്രമത്തിൽ ഒരു ലക്ഷം പേർക്ക് നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 4.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഓട്ടിസം, സെറിബ്രൽ പൾസി, ബുദ്ധിമാന്ദ്യം, ഭിന്നവൈകല്യങ്ങൾ എന്നിവ ബാധിച്ചവർക്കുള്ള ഇൻഷ്വറൻസ് പദ്ധതിക്ക് 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 1000 രൂപയ്ക്ക് പുറമെ റീ അപ്രോപ്രിയേഷൻ മുഖേന 21,09,000 രൂപ ലഭിക്കുകയും ഈ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ 1495925/ഡി.3/2017/സാ.നീ.വ., തീയതി 20-5-2017)

ഖണ്ഡിക നമ്പർ 32

2235-02-102-55—അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം വർദ്ധിപ്പിക്കൽ

അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം യഥാക്രമം 3400 രൂപയും 1900 രൂപയുമായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകുന്നതിനായി ഈ ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിനു പുറമെ 144.8192 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-02-102-55 (നോൺ പ്ലാൻ) അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം (സംസ്ഥാനവിഹിതം) വർദ്ധിപ്പിക്കൽ സ്കീമിൽ 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 200,00,01,000 രൂപയ്ക്ക് പുറമേ, സപ്ലിമെന്ററി ഗ്രാന്റിലൂടെ അധികമായി 125,00,00,000 രൂപ കൂടി ലഭിച്ചിട്ടുണ്ട്. അംഗനവാടി ജീവനക്കാരുടെ, 2016-17 സാമ്പത്തിക വർഷത്തെ ഓണറേറിയം നൽകാൻ പ്രസ്തുത തുക പര്യാപ്തമാണ്.

(സർക്കാർ കത്ത് നമ്പർ 238/16 ബി2/സാനീവ., തീയതി 21-3-2017)

ഖണ്ഡിക നമ്പർ 33

2235-02-102-53—ചൈൽഡ് റൈറ്റ്സ് കമ്മീഷൻ

ചൈൽഡ് റൈറ്റ്സ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി ജില്ലാ ആസ്ഥാനങ്ങൾതോറും സിറ്റിംഗുകളും അനുബന്ധ പ്രവർത്തനങ്ങളുമായി വിപുലീകരിക്കുന്നതിനും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തടസ്സം കൂടാതെ നടത്തുന്നതിനുവേണ്ടിയും ചെയർപേഴ്സൺ അടക്കമുള്ള കമ്മീഷൻ അംഗങ്ങളുടെയും മറ്റു ജീവനക്കാരുടെയും ശമ്പളം, മറ്റിനങ്ങൾ, വാടക, കരം, നികുതിയിനം, വാഹനങ്ങളുടെ വാടക എന്നീ ഇനങ്ങളിലും അധികം തുക ആവശ്യമാണ്. കമ്മീഷന്റെ പ്രവർത്തനം പൂർണ്ണ രൂപത്തിൽ തുടങ്ങിയ സാഹചര്യത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ ഈ ശീർഷകത്തിൽ 54 ലക്ഷം രൂപ കൂടി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി 54 ലക്ഷം രൂപ അധികമായി ശിപാർശ ചെയ്തിരുന്നുവെങ്കിലും ഒഴിവുകൾ നികത്തുന്നതിലുള്ള കാലതാമസവും മറ്റും കാരണം പ്രതീക്ഷിച്ചത്ര തുക നോൺ പ്ലാൻ ഇനത്തിൽ ആവശ്യമായി വന്നില്ലെന്ന് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അറിയിക്കുകയും 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

2016-17 സാമ്പത്തിക വർഷം അഡീഷണൽ ഓതറൈസേഷൻ വഴി പദ്ധതിയേതരയിനത്തിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന് 8,20,000 രൂപ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) Wages ₹5,00,000 [G.O.(Rt.) No.7965/2016/Fin. Dated 3-10-2016]

(2) ₹ 3,20,000 [G.O.(Rt.) No.1137/2017/Fin. Dated 12-2-2017]
(Tour TA-₹50,000, Rent Rates and Taxes - ₹1,00,000,
P.O.L.- ₹20,000, Hire charges of Motor Vehicles - ₹1,50,000)

(സർക്കാർ കത്ത് നമ്പർ 986277/എ 2/16/സാനീവ, തീയതി 5-5-2017)

<u>ഖണ്ഡിക നമ്പർ 34</u>

2235-02-103-99—<u>സാമൂഹ്യക്ഷേമ ബോർഡ് - അംശദായം</u>

സാമൂഹ്യക്ഷേമ ബോർഡിന്റെ ഭരണചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനും ബോർഡ് ജീവനക്കാർക്കും പെൻഷൻകാർക്കും പത്താം ശമ്പള പരിഷ്കരണം നടപ്പാക്കേണ്ടതുൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 42.5376 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2016-17 വർഷത്തെ ഉപധനാഭ്യർത്ഥന പരിഗണിക്കുന്നതിനുള്ള സമയ പരിധി കഴിഞ്ഞതിനുശേഷമാണ് സാമൂഹ്യക്ഷേമ ബോർഡിൽ നിന്നും സമിതി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ലഭ്യമായത്. ആയതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/325/2017 തീയതി 22-5-2017)

<u>ഖണ്ഡിക നമ്പർ 35</u>

2235 -02-103-95 -04(1)—<u>സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ (യാത്രാ ബത്ത)</u>

കേരള വനിതാ കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങൾക്കും 2016 മാർച്ച് വരെ ഏകദേശം 66 ലക്ഷം രൂപ യാത്രാബത്ത കുടിശ്ശികയുള്ളതായി സമിതി മനസ്സിലാക്കുന്നു. ടി കുടിശ്ശിക നൽകുന്നതിനും 2016-17 സാമ്പത്തിക വർഷത്തെ യാത്രാബത്ത നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സാനീവ.ബി2/237/2016 തീയതി 22-5-2017)

ഖണ്ഡിക നമ്പർ 36

2235-02-103-89—വനിതകൾക്കുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ

കേരളത്തിലെ സ്ത്രീകൾക്ക് തൊഴിൽ സാധ്യതകൾ കണ്ടെത്തി അവ ആർജിക്കുന്നതിന് പ്രാപ്തരാക്കുന്ന REACH (റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്)-ന്റെ ഉപകേന്ദ്രങ്ങൾ മറ്റ് ജില്ലകളിൽ കൂടി സ്ഥാപിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 30 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കണ്ണൂരും തിരുവനന്തപുരത്തും പ്രവർത്തിച്ചുവരുന്ന REACH കേന്ദ്രങ്ങളുടെ നടത്തിപ്പ ചെലവിനായി ബഡ്ജറ്റ് വിഹിതമായ 125 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ കൂടി REACH ഉപകേന്ദ്രങ്ങളുടെ ഭാഗമായി ക്ലാസ്സ് റൂമുകൾ സജ്ജമാക്കുന്ന വിഷയം പഞ്ചായത്തുകളുമായി ചർച്ച ചെയ്തിരുന്നെങ്കിലും തുടർ നടപടികൾ ആയിട്ടില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക 2016-17 സാമ്പത്തിക വർഷം ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/325/2017 തീയതി 22-5-2017)

ഖണ്ഡിക നമ്പർ 37

2235-02-103-80—ജെൻഡർ പാർക്ക്

ജെൻഡർ പാർക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തിയാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 371.34 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സാനീവ.ബി2/237/2016 തീയതി 22-5-2017)

ഖണ്ഡിക നമ്പർ 38

2235-02-103-77—വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ധനസഹായം

വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും ബിരുദാനന്തരമുള്ള ഉന്നത വിദ്യാഭ്യാസത്തിനും നൽകുന്ന ധനസഹായ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1350 പേർക്ക് 10,000 രൂപ ക്രമത്തിൽ നൽകേണ്ടതുണ്ട്. ഇതിനായി 135 ലക്ഷം രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 134.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും ബിരുദാനന്തരമുള്ള ഉന്നത വിദ്യാഭ്യാസത്തിനും നൽകുന്ന ധനസഹായ പദ്ധതി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 1000 രൂപയ്ക്ക് പുറമെ 134.99 ലക്ഷം രൂപയ്ക്ക് അഡീഷണൽ ഓതറൈസേഷന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ഫണ്ട് ലഭിച്ചിട്ടില്ല. എന്നാൽ 2235-02-103-92 (പി) ശീർഷകത്തിലെ write up പ്രകാരം വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ധനസഹായം എന്ന സ്കീമിൽ ഉൾപ്പെടുത്തി ടി തുക പൂർണ്ണമായും ഇക്കാര്യത്തിന് ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 83/എ 4/2016/സാ.നീ.വ., തീയതി 20-5-2017)

ഖണ്ഡിക നമ്പർ 39

2235-02-103-74—നിർഭയ പദ്ധതി

5 ജില്ലകളിൽ പുതിയ ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുന്നതിനും ഷെൽട്ടർ ഹോം സ്റ്റാഫിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിനും ഷെൽട്ടർ ഹോമിലെ താമസക്കാർക്ക് വൊക്കേഷണൽ/ഒക്യുപേഷണൽ തെറാപ്പി നൽകുന്നതിനും ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരായവർക്ക് തൽസമയ സഹായധനം വിതരണം ചെയ്യുന്നതിനുള്ള കോർപ്പസ് ഫണ്ടിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 783.09 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിർഭയ പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 3,00,00,000 രൂപയ്ക്ക് പുറമെ വാഹന വാടകയിനത്തിൽ 1,00,000 രൂപയും Additional Authorization മുഖേന 6,39,000 രൂപയും ലഭിച്ചിട്ടുള്ളതും ടി തുകകൾ പൂർണ്ണമായി ചെലവഴിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ സാനീവ.ബി2/237/2016 തീയതി 22-5-2017)

ഖണ്ഡിക നമ്പർ 40

2235-02-104-99—ശ്രീ ചിത്രാഹോം സഹായധനം

ശമ്പള പരിഷ്കരണം നടപ്പിലാകുമ്പോൾ പ്രതീക്ഷിക്കുന്ന അധിക ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ശ്രീചിത്രാഹോമിന് വകയിരുത്തിയിരുന്ന 54 ലക്ഷം രൂപയിൽ 32.5 ലക്ഷം രൂപ ശമ്പളത്തിനായി അനുവദിച്ചിട്ടുണ്ട്. നിലവിൽ ശ്രീചിത്രാഹോമിൽ ശമ്പളപരിഷ്കരണം നടപ്പായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/325/2017 തീയതി 22-5-2017)

ഖണ്ഡിക നമ്പർ 41

2235-02-104-98—അനാഥശാലകൾക്ക് സഹായധനം

അനാഥാലയങ്ങളിലെ അന്തേവാസികളുള്ള പ്രതിമാസ ഗ്രാന്റ് 1-1-2015 മുതൽ 1000 രൂപയായി വർദ്ധിപ്പിച്ചതിനാൽ ഗ്രാന്റ്-ഇൻ-എയ്ഡിന് അർഹരായ 28811 അന്തേവാസികൾക്ക് 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിലുള്ള ഗ്രാന്റ് നൽകുന്നതിനും ഓർഫനേജ് ഗ്രാന്റിന്റെ കുടിശ്ശിക നൽകുന്നതിനുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 19.9005 കോടി രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനാഥാലയങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റിനായി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 16,89,50,000 രൂപയ്ക്ക് പുറമേ 11,43,10,000 രൂപ ഉപധനാഭ്യർത്ഥന വഴി ലഭിക്കുകയും തുക പൂർണ്ണമായും ഇക്കാര്യത്തിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/325/2017 തീയതി 22-5-2017)

ഖണ്ഡിക നമ്പർ 42

2235-02-104-97—യാചക കേന്ദ്രങ്ങൾ

യാചക കേന്ദ്രങ്ങളിലെ അന്തേവാസികളുള്ള പ്രതിമാസ ഗ്രാന്റ് 1000 രൂപയായി സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിലെ

520 അന്തേവാസികൾക്ക് ഗ്രാന്റ് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 23.55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

യാചക അന്തേവാസികൾക്കുള്ള ഗ്രാന്റിനായി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 38,85,000 രൂപയ്ക്ക് പുറമേ 41,10,000 രൂപ ഉപധനാഭ്യർത്ഥന വഴി ലഭിക്കുകയും തുക പൂർണ്ണമായും ഇക്കാര്യത്തിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/325/2017 തീയതി 22-5-2017)

ഖണ്ഡിക നമ്പർ 43

2235-02-104-89—അനാഥാലയ നിയന്ത്രണ ബോർഡ്

അനാഥാലയ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഉൾപ്പെടെ 7 ജീവനക്കാരുടെ വേതനം കൂടാതെ 40 കൗൺസിലർമാർ, ചെയർമാൻ, 14 ബോർഡംഗങ്ങൾ എന്നിവരുടെ ഓണറേറിയം, ചെയർമാന്റെ കാർ അലവൻസ്, അംഗങ്ങളുടെ ടി.എ., സിറ്റിംഗ് ഫീ എന്നിവയും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം മേൽ ആവശ്യങ്ങൾക്ക് പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 93.39 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനാഥാലയ നിയന്ത്രണ ബോർഡിന്റെ ആവശ്യത്തിലേക്കായി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 35,17,000 രൂപയ്ക്ക് പുറമേ 42,68,000 രൂപ ധന പുനർവിനിയോഗം വഴി ലഭിക്കുകയും തുക പൂർണ്ണമായും ഇക്കാര്യത്തിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/325/2017 തീയതി 22-5-2017)

ഖണ്ഡിക നമ്പർ 44

2235-02-107-98—സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ—സഹായധനം

സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ് പ്രതിമാസം 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ അർഹരായ 8775 അന്തേവാസികൾക്ക് 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിലെ ഗ്രാന്റ് നൽകുന്നതിനും മുൻവർഷത്തെ ഇമിയറും കൊടുക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 986.26 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ ആവശ്യത്തിലേക്കായി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 2,92,70,000 രൂപയ്ക്ക് പുറമേ 7,18,74,000 രൂപ ഉപധനാഭ്യർത്ഥന വഴി ലഭിക്കുകയും തുക പൂർണ്ണമായും ഇക്കാര്യത്തിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/325/2017 തീയതി 22-5-2017)

ഖണ്ഡിക നമ്പർ 45

2235-02-190-99—കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

എറണാകുളം കാക്കനാട് കളക്ടേറ്റിന് സമീപം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥലത്ത് ഒരു വ്യാപാര സമുച്ചയം പണിയുന്നതിനും സംരംഭകത്വ മേഖലയിലേക്ക് കടന്നുവരുന്ന വനിതകൾക്ക് പ്രവർത്തന മേഖലയിൽ കൂടുതൽ കഴിവ് തെളിയിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായവും ബിസിനസ്സ് വളർത്തുന്നതിനാവശ്യമായ വിദഗ്ധ ഉപദേശവും മറ്റ് അനുബന്ധ സംവിധാനങ്ങളും ഉൾപ്പെടുത്തി വാണിജ്യ മേഖലയിൽ വനിതകൾക്ക് അവരുടെ അഭിരുചി തെളിയിക്കുവാനുള്ള സംവിധാനം ഒരുക്കുന്നതിനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു. ഈ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന അന്താരാഷ്ട്ര വനിതാ വാണിജ്യ സമുച്ചയത്തെക്കുറിച്ച് സാദ്ധ്യതാപഠനം നടത്തുന്നതിനായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 22-3-2017-ലെ സ.ഉ.(സാധാ.) നമ്പർ 174/2017/ സാ.നീവ. പ്രകാരം സാദ്ധ്യതാ പഠനം പൂർത്തിയായിട്ടില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/325/2017 തീയതി 22-5-2017)

ഖണ്ഡിക നമ്പർ 46

2235-02-190-98—കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

വികലാംഗർക്ക് ഇലക്ട്രോണിക് വീൽചെയർ സൗജന്യമായി വിതരണം ചെയ്യുന്നതിനും സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കുന്നതിനും ഭിന്നശേഷിക്കാരുടെ സൗകര്യത്തിനായി കേരളത്തിലുടനീളം ജില്ലാ

ഓഫീസുകൾ തുടങ്ങുന്നതിനും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കലാകായിക ശേഷികൾ പരിപോഷിപ്പിക്കുന്നതിന് വേണ്ടി ഭിന്നശേഷി മേള സംഘടിപ്പിക്കുന്നതിനും പദ്ധതിയിനത്തിലും, കോർപ്പറേഷന്റെ ഭരണചെലവുകൾക്കും സർക്കാരിലേക്ക് നൽകാനുള്ള ഗ്യാരന്റി കമ്മീഷൻ കുടിശ്ശിക നൽകുന്നതിനും കേരള ഹൗസിംഗ് ബോർഡിന് വാടക കുടിശ്ശിക നൽകുന്നതിനും കോഴിക്കോട് റീജിയണൽ ഓഫീസിന് അനുവദിച്ച 3 പുതിയ തസ്തികകളിൽ ശമ്പളം നൽകുന്നതിനും പദ്ധതിയേതരയിനത്തിലും നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിനെക്കാൾ അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 12.74 കോടി രൂപ പദ്ധതിയിനത്തിലും 75 ലക്ഷം രൂപ പദ്ധതിയേതരയിനത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പദ്ധതി ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

പദ്ധതിയേതരയിനത്തിലുള്ള ചെലവുകൾക്കായി 7.23 ലക്ഷം രൂപ അധിക റീ-അപ്രോപ്രിയേഷനിലൂടെ അനുവദിക്കുകയും പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 1495925/ഡി.3/2017/സാ.നീ.വ., തീയതി 20-5-2017)

<u>ഖണ്ഡിക നമ്പർ 47</u>

2235-60-200-79—<u>1995-ലെ അവശവിഭാഗ ആക്ടിൻ (തുല്യ അവസരാവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) കീഴിലുള്ള അവശ വ്യക്തികളുടെ സംസ്ഥാനതല കമ്മീഷണർ</u>

വികലാംഗ കമ്മീഷണറേറ്റിൽ ദിവസവേതന വ്യവസ്ഥയിലുള്ള ജീവനക്കാർക്കുള്ള വേതനം നൽകുന്നതിന് കൂടുതൽ തുക ആവശ്യമായതിനാലും കമ്മീഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുകയും ഇന്ധന ചെലവിനത്തിൽ അനുവദിച്ചിട്ടുള്ള തുകയും അപര്യാപ്തമായതിനാലും ഈ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ ആകെ 5.1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 1495925/ഡി.3/2017/സാ.നീ.വ., തീയതി 20-5-2017)

ഖണ്ഡിക നമ്പർ 48

2235-60-200-72—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി

സമാശ്വാസം പദ്ധതി ആനുകൂല്യത്തിന് അർഹരായ നിലവിലുള്ള 4855 ഗുണഭോക്താക്കൾക്കും നടപ്പുവർഷം പുതുതായി പ്രതീക്ഷിക്കുന്ന 6250 ഗുണഭോക്താക്കൾക്കും പ്രതിമാസ ധനസഹായം അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 10.9563 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ അധിക തുക ഈ ശീർഷകത്തിൽ അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. 7203 ഗുണഭോക്താക്കൾക്ക് ധനസഹായമായി 565 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/325/2017 തീയതി 22-5-2017)

ഖണ്ഡിക നമ്പർ 49

2235-60-200-72 (02)—തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസകിരണം)

ശയ്യാവലംബികളായ നിത്യരോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് ആശ്വാസകിരണം. ഈ പദ്ധതിയിൽ നിലവിൽ 72353 ഗുണഭോക്താക്കളാണുള്ളത്. നടപ്പ് വർഷത്തിൽ 30000 ഗുണഭോക്താക്കളെ കൂടി പുതുതായി പ്രതീക്ഷിക്കുന്നു. മുഴുവൻ ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 21.6941 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായ 32 കോടി രൂപയ്ക്ക് പുറമെ 15 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/325/2017 തീയതി 22-5-2017)

ഖണ്ഡിക നമ്പർ 50

2235-60-200-72 (11)—സ്നേഹപൂർവ്വം

സമൂഹത്തിന്റെയോ ബന്ധുക്കളുടെയോ കൂട്ടുകാരുടെയോ കൂടെ വീടുകളിൽ കഴിയുന്ന അനാഥരായ കുട്ടികൾക്ക് പഠിക്കുന്നതിന് ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതിയിൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് തുകയ്ക്ക് പുറമെ ഈ ശീർഷകത്തിൽ 32.2925 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായ 18 കോടി രൂപയ്ക്ക് പുറമെ 20 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ ലഭ്യമായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/325/2017 തീയതി 22-5-2017)

ഖണ്ഡിക നമ്പർ 51

2235-60-200-68—മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് വേണ്ടിയുള്ള സാമൂഹ്യ മനശ്ശാസ്ത്ര സേവനം

മാനസികരോഗം ബാധിച്ച് അലഞ്ഞുതിരിഞ്ഞുനടക്കുന്നവരെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ഭവനങ്ങൾ നടത്തുന്നതിന് സഹായം നൽകുന്നതിന് 21-11-2015-ൽ ധനസഹായത്തിനുള്ള ഒരു സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സ്കീംപ്രകാരം 50 അന്തേവാസികളെ സംരക്ഷിക്കുന്ന ഒരു ഭവനത്തിന് 16,52,400 രൂപ സർക്കാർ വിഹിതവും 11,01,600 രൂപ എൻ.ജി.ഒ. വിഹിതവും കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള 19 യൂണിറ്റുകളിലായി 950 അന്തേവാസികൾക്ക് ഗ്രാന്റ് കൊടുക്കുന്നതിനും മുൻ വർഷത്തെ കുടിശ്ശിക കൊടുക്കുന്നതിനും പുതുതായി ഗ്രാന്റ്-ഇൻ-എയിഡിൽ ഉൾപ്പെടുത്താനുള്ള 12 യൂണിറ്റുകൾക്കും കൂടി ഈ സാമ്പത്തിക വർഷം അധിക ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 6.4016 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മാനസികരോഗം ബാധിച്ച് അലഞ്ഞുതിരിഞ്ഞു നടക്കുന്നവരെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ഭവനങ്ങൾ നടത്തുന്നതിന് സഹായം നൽകുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 3,00,00,000 രൂപയ്ക്ക് പുറമെ 1,04,87,000 രൂപ ഉപ ധനാഭ്യർത്ഥന വഴി ലഭിക്കുകയും തുക പൂർണ്ണമായും ഇക്കാര്യത്തിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 1495925/ഡി.3/2017/സാ.നീ.വ. തീയതി 20-5-2017)

## ആഭ്യന്തര വകുപ്പ്

### ഖണ്ഡിക നമ്പർ 52

2235-02-106-98—ദുർഗ്ഗുണ പരിഹാര പാഠശാല

ദുർഗ്ഗുണ പരിഹാര പാഠശാലയിലെ അന്തേവാസികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും മരുന്നുകളുടേയും ചികിത്സാ ചെലവുകളുടേയും ആഹാരസാധനങ്ങളുടെയും മറ്റു ദൈനംദിന സാധനങ്ങളുടെയും വിലയിലും ഇന്ധന ചെലവിലും ഉണ്ടായ വർദ്ധനവും കണക്കാക്കുമ്പോൾ നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം 2235-02-106-98-ദുർഗ്ഗുണ പരിഹാര പാഠശാല (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 1,70,19,000 രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. ഇതിനുപുറമേ 15,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ദുർഗ്ഗുണ പരിഹാര പാഠശാലയിലെ അന്തേവാസികളുടെ എണ്ണത്തിലുണ്ടായ കുറവുമൂലം അധിക തുക ആവശ്യമായി വന്നില്ല. എന്നാൽ യാത്രാ ചെലവുകൾക്കായി വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ 04-ഡീറ്റെയിൽഡ് ഹെഡിൽ (2235-02-106-98-04-01 NP) മാത്രമാണ് അധിക തുക ആവശ്യമായി വന്നത്. ആയതിനാൽ യാത്രാബത്ത ഇനത്തിൽ 6-1-2017 തീയതിയിലെ ധനകാര്യ വകുപ്പിന്റെ സ.ഉ. (സാധാ) നമ്പർ 94/17/ധന. പ്രകാരം 60,000 രൂപ അധികമായി അനുവദിച്ചു. ആയത് ചേർത്ത് ആകെ ബജറ്റ് വിഹിതം 1,70,79,000 രൂപ ആയിട്ടുണ്ടെങ്കിലും ചെലവുകളിൽ വന്ന കുറവുമൂലം ആകെ 1,35,34,585 രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആയതിനാൽ മറ്റു ഡീറ്റെയിൽഡ് ഹെഡുകളിൽ അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ ജയിൽ വകുപ്പ് സമർപ്പിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/50/2017/ആഭ്യന്തരം തീയതി 20-5-2017)

## പൊതുഭരണ വകുപ്പ്

### ഖണ്ഡിക നമ്പർ 53

2235-60-200-82—അവശതയനുഭവിക്കുന്ന രണ്ടാം ലോകമഹായുദ്ധ യോദ്ധാക്കൾക്ക് ധനസഹായം

രണ്ടാം ലോകമഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകി വന്നിരുന്ന സാമ്പത്തിക സഹായം യഥാക്രമം 1500 രൂപയിൽ നിന്നും 4,000 രൂപയായും

750 രൂപയിൽ നിന്നും 2500 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാലും 2016 മാർച്ച് മാസം വരെ വിതരണം ചെയ്യാനുണ്ടായിരുന്ന കുടിശ്ശിക നൽകേണ്ടതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 508.62 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 2,60,00,000 രൂപ 2016-17 സാമ്പത്തിക വർഷത്തെ ചെലവിന് അപര്യാപ്തമായതിനാൽ 4,92,04,000 രൂപയുടെ അധികച്ചെലവിനുള്ള അനുമതിക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചു

18-10-2016-ലെ ജി.ഒ. (ആർടി.) നമ്പർ 8229/2016/ഫിൻ. ഉത്തരവ് പ്രകാരം സർക്കാർ 4,92,04,000 രൂപയുടെ അധികച്ചെലവിനുള്ള അനുമതി നൽകി.

ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 2,60,00,000 രൂപയും അധികച്ചെലവിന് അനുമതി ലഭിച്ച 4,92,04,000 രൂപയും ഉൾപ്പെടെ ആകെ ഉണ്ടായിരുന്ന 7,52,04,000 രൂപയിൽ നിന്നും 7,42,05,477 രൂപ 2016-17 സാമ്പത്തിക വർഷത്തെ ധനസഹായം കുടിശ്ശികയില്ലാതെ വിതരണം ചെയ്യുന്നതിനും 2016 മാർച്ച് മാസം വരെ വിതരണം ചെയ്യാനുണ്ടായിരുന്ന കുടിശ്ശിക വിതരണം ചെയ്യുന്നതിനുമായി ചെലവായി.

(സർക്കാർ കത്ത് നമ്പർ എസ്. ഡബ്ല്യു 2/16/17/പൊ.ഭ.വ., തീയതി 20-5-2017)

## ഭാഗം II

## മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച വിവരം

### പട്ടികജാതി വികസന വകുപ്പ്

ശിപാർശ നമ്പർ 1 മുതൽ 7 വരെ

### പട്ടികവർഗ്ഗ വികസന വകുപ്പ്

ശിപാർശ നമ്പർ 8, 10, 11,12, 13, 15, 16, 19, 21

### കിർത്താർഡ്സ്

ശിപാർശ നമ്പർ 22

### പിന്നോക്ക സമുദായ വികസന വകുപ്പ്

ശിപാർശ നമ്പർ 23 മുതൽ 29 വരെ.

"കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ട് അതാത് സാമ്പത്തിക വർഷാവസാനമോ അതുകഴിഞ്ഞുള്ള സഭാസമ്മേളനകാലത്തോ സമിതി ചെയർമാൻ സഭയിൽ, സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും ശിപാർശകളിന്മേലുള്ള മറുപടി വകുപ്പ് അയച്ചുതന്നിട്ടില്ലായെങ്കിൽ അതിനുള്ള കാരണം ബന്ധപ്പെട്ട വകുപ്പുമന്ത്രി ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാസമ്മേളനാരംഭത്തിലോ ഏതാണോ ആദ്യം അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. "

ആയതിനാൽ 2016-17-ലെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൽ ഇനിയും നടപടി സ്വീകരിച്ചിട്ടില്ലാത്ത ശിപാർശകൾ സംബന്ധിച്ച വിവരം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ഈ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാ സമ്മേളനകാലത്തോ ഏതാണോ ആദ്യം അപ്പോൾ ബന്ധപ്പെട്ട വകുപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എ. കെ. ബാലൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2017 മേയ് 22.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.